കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി

64 [3578] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്-മഞ്ചേശ്വരം ഹൊസങ്കടി-മൊറത്തണ മിയ്യപ്പദവ് റൂട്ടിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കുന്നതാണ്.

കാസർഗോഡ്-പാത്തൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്

65 [3579] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്-മഞ്ചേശ്വരം-ഹൊസങ്കടി, മജിർപ്പള്ളം-ആനകല്ല് പാത്തൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി

66 [3580] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് സർവ്വീസ് ബസ്സുകൾ അല്ലാതെ ഓഫീസ് ആവശ്യത്തിനും വർക്ക്ഷോപ്പ് ആവശ്യത്തിനും മറ്റും ഉപയോഗിക്കുന്ന വാഹനങ്ങൾ എത്രയെണ്ണം ഉണ്ട്;

(ബി) ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്രയെണ്ണം ഉപയോഗിക്കാൻ പറ്റാത്തവയായിട്ടുണ്ട്;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓഫീസ് കാറുകളും, വർക്ക്ഷോപ്പ് വാഹനങ്ങളും മറ്റുവാഹനങ്ങളും ഉപയോഗിക്കുന്നതിൽ മാത്രം എത്ര രൂപ പ്രതിമാസം ചെലവ് വരുന്നുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത് മുൻസർക്കാരിന്റെ കാലത്തെ പ്രസ്തുത പെരുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഓഫീസ് ആവശ്യങ്ങൾക്കായുള്ള വാഹനങ്ങളുടെ പെരുപ്പ് ചുരുക്കി ദുരുപയോഗം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓഫീസ് ആവശ്യത്തിനും, വർക്ക്ഷോപ്പ് ആവശ്യത്തിനുംമറ്റും ഉപയോഗിക്കുന്നതിനായി 148 വാഹനങ്ങളുണ്ട്.

(ബി) ഇതിന്റെ ഇനം തിരിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം

വർക്ക്ഷോപ്പ് വാൻ	..	27
ജീപ്പ്	..	18
കാർ	..	6
ടാറ്റ സുമോ	..	2
ആമ്പുലൻസ്	..	2
കമ്പ്യൂട്ടർ ട്രെയിനിംഗ് വാൻ	..	1
മൊബൈൽ ട്രെയിനിംഗ് വാൻ	..	1
മോട്ടോർ സൈക്കിൾ	..	1

2. കൊല്ലം

വർക്ക്ഷോപ്പ് വാൻ	..	9
ജീപ്പ്	..	2

3. പത്തനംതിട്ട

വർക്ക്ഷോപ്പ് വാൻ	..	4
ജീപ്പ്	..	1

4. ആലപ്പുഴ

വർക്ക്ഷോപ്പ് വാൻ	..	9
ജീപ്പ്	..	2

5. കോട്ടയം

വർക്ക്ഷോപ്പ് വാൻ	..	7
ജീപ്പ്	..	3

LIBRARY ARCHIVES Kerala Legislative Assembly

6. ഇടുക്കി

വർക്ക്ഷോപ്പ് വാൻ .. 3

7. എറണാകുളം

വർക്ക്ഷോപ്പ് വാൻ .. 11

ജീപ്പ് .. 4

8. തൃശ്ശൂർ

വർക്ക്ഷോപ്പ് വാൻ .. 4

ജീപ്പ് .. 1

9. മലപ്പുറം

വർക്ക്ഷോപ്പ് വാൻ .. 7

ജീപ്പ് .. 2

10. പാലക്കാട്

വർക്ക്ഷോപ്പ് വാൻ .. 2

ജീപ്പ് .. 1

11. കോഴിക്കോട്

വർക്ക്ഷോപ്പ് വാൻ .. 6

ജീപ്പ് .. 3

12. വയനാട്

വർക്ക്ഷോപ്പ് വാൻ .. 3

ജീപ്പ് .. 1

13. കണ്ണൂർ

വർക്ക്ഷോപ്പ് വാൻ .. 2

ജീപ്പ് .. 1

14. കാസർഗോഡ്

വർക്ക്ഷോപ്പ് വാൻ .. 1

ജീപ്പ് .. 1

(സി) ഇതിൽ എല്ലാ വാഹനങ്ങളും ഉപയോഗയോഗ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താൽക്കാലിക കണക്കനുസരിച്ച് ഈയിനത്തിൽ വരുന്ന പ്രതിമാസ ചെലവ് ചുവടെ ചേർക്കുന്നു:

ശമ്പളം	..	5.50 ലക്ഷം രൂപ
സ്പെയർ പാർട്സ്	..	0.05 ലക്ഷം രൂപ
ഇന്ധനം	..	2.35 ലക്ഷം രൂപ

(ഇ) മുൻവർഷത്തിലെ കണക്കുകൾ പൂർത്തിയാകാത്തതിനാൽ ചെലവുകൾ താരതമ്യപ്പെടുത്തിയിട്ടില്ല.

(എഫ്) വാഹനങ്ങളുടെ ഓപ്പറേഷൻ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. ഒഴിച്ചുകൂടാനാകാത്ത ഓഫീസ് ഉപയോഗങ്ങൾക്കുമാത്രമേ വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്യാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നടപടികളുടെ ഫലമായി ചെലവ് കുറയ്ക്കാനും ദുരുപയോഗം ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ മിനി ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

67 [3581] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിൽ കായംകുളം ഡിപ്പോയിൽനിന്നും കായംകുളം-ചാരുംമൂട്-പാലമുക്ക്, പുലിമേൽ-ഇടപ്പോൺ-പന്തളം റൂട്ടിൽ ഉണ്ടായിരുന്ന ബസ് നിർത്തലാക്കിയതുകാരണം ഈ പ്രദേശത്തെ ജനങ്ങൾക്ക് അനുഭവപ്പെടുന്ന യാത്രാ ക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി. യുടെ ഒരു മിനി ബസ് അടിയന്തിരമായി സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നുമുതൽ സർവ്വീസ് പുനരാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly